
# നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചില നിർദ്ദേശങ്ങൾ



**എൻ.എസ്. ഉണ്ണി**
ദേശീയ കർഷക സംരക്ഷണ സമിതി, പാലക്കാട്

**1956ലെ** സംസ്ഥാന രൂപീകരണത്തിനുമുമ്പ് തിരുകൊച്ചി സംസ്ഥാനത്തിന്റെ നെല്ലറയായിരുന്നു ആലപ്പുഴ, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടന്നിരുന്ന കുട്ടനാട്. എന്നാൽ കേരള സംസ്ഥാനം രൂപീകൃതമായതിന്നുശേഷം കേരളത്തിന്റെ നെല്ലറ പാലക്കാടായി മാറി. പാലക്കാടൻ കർഷകന് ഇന്നും കൃഷിയെന്നു പറഞ്ഞാൽ നെൽകൃഷിയാണ്.

പാലക്കാടൻ നെൽവയലുകൾ തെക്കുപടിഞ്ഞാറൻ കാലവർഷത്തെ ആശ്രയിച്ച് വിരിപ്പുകൃഷിയും അണക്കെട്ടുകളിൽനിന്ന് ലഭിക്കുന്ന വെള്ളത്തെയും തുലാവർഷത്തെയും ആശ്രയിച്ചു നടത്തുന്ന മുണ്ടകൻ കൃഷിയുമുൾപ്പെടെ രണ്ടു പൂവ്വൽ നെൽകൃഷിയാണുള്ളത്. ചില സ്ഥലങ്ങളിൽ കുളം, കിണർ എന്നിവയിലെ ജലസേചനം വഴി പുഞ്ചയും ചെയ്യുന്നു.

മഴയുടെ ലഭ്യത സംസ്ഥാനത്തെ ശരാശരി മഴയേക്കാൾ 700 മില്ലീമീറ്റർ കുറവു മഴയാണ് പാലക്കാട് ലഭിക്കുന്നത്. കേരളത്തിൽ ഏറ്റവുമധികം അണക്കെട്ടുകൾ ഉള്ള ജില്ലയാണ് പാലക്കാട്. ഒരു പഞ്ചായത്തിൽ മുതലമട പഞ്ചായത്തിൽ തന്നെ അഞ്ച് അണക്കെട്ടുകളുണ്ട്. (ചുള്ളിയാർ, മീങ്കര, തൂനക്കടവ്, പറമ്പിക്കുളം, പെരുവാരിപള്ളം). ഇത്രയും അണക്കെട്ടുകളുള്ള വേറൊരു സ്ഥലം ലോകത്തിലെവിടെയുമില്ല.

1970-71ൽ ജില്ലയിൽ182621 ഹെക്ടർ സ്ഥലം നെൽകൃഷി ചെയ്തിരുന്നു. ഈ കാലയളവിൽ കേരളത്തിൽ മൊത്തം നെൽകൃഷിയുടെ 20.88% പാലക്കാടായിരുന്നു. എന്നാൽ 2004-2005 കാലയളവിൽ പാലക്കാട് 111029 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതേ സമയം സംസ്ഥാനത്ത് 289974 ഹെക്ടർ മാത്രമേ ഈ കാലയളവിൽ നെൽകൃഷി ചെയ്തിരുന്നുള്ളു. അതായത് മൊത്തം നെൽകൃഷിയുടെ 39% പാലക്കാട് നടത്തിയപ്പോൾ മറ്റു പതിമൂന്ന് ജില്ലകളിലും നെൽകൃഷിയുടെ വിസ്തൃതി വളരെ കുറഞ്ഞെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

വരൾച്ച മുതൽ കൃഷിനാശം, കൃഷി ചിലവ് വർദ്ധന വരെ കൃഷിക്കാരനെ പ്രതികൂലമായി അലട്ടിയപ്പോൾ നെൽകൃഷിയിൽ നിന്ന് പിന്മാറി. തോട്ടവിളകൾ ചെയ്യാനും കൃഷിയിടം തരിശിടുവാനും കൃഷി സ്ഥലം മറ്റാവശ്യങ്ങൾക്കുപയോഗിക്കുവാനും എന്തിന് വിൽക്കുവാൻ വരെയും കർഷകർ തയ്യാറായി. ഈ സന്ദർഭത്തിലും പാലക്കാടൻ കർഷകൻ പിടിച്ചു നിൽക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പാലക്കാട്ടിലെ നെൽകൃഷി കർഷകൻ കുടിയേറ്റക്കാരുടെ വരവോടെ മറ്റു കൃഷികൾ പരീക്ഷിച്ചെങ്കിലും മൊത്തം വിസ്തൃതി റബ്ബറിനുമാത്രം ഗണ്യമായി കൂടി. മറ്റു കൃഷികളിൽ കാലക്രമേണ കുറഞ്ഞു. ഇടക്കാലത്ത് ഇഞ്ചികൃഷി വർദ്ധിച്ചുവെങ്കിലും ഇപ്പോൾ കുറഞ്ഞുവരികയാണ്.

ലോകജനസംഖ്യയിൽ ബഹുഭൂരിഭാഗം ജനങ്ങളുടെയും മുഖ്യ ആഹാരം അരിയാണ്. ഇന്ത്യയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും കേരളത്തിലും അരി മുഖ്യ ആഹാരമാണ്. ഇത്തരുണത്തിൽ നെൽകൃഷി നിലനിർത്തേണ്ടതും നെൽകർഷകനെ രക്ഷിക്കേണ്ടതും സർക്കാരിന്റെ ബാദ്ധ്യതയാണ്. നെൽകൃഷി വർദ്ധിപ്പിക്കുവാനും കർഷകന് കൃഷിയിൽ താൽപര്യം ഉണ്ടാകുവാനും വരുംതലമുറയെ കൃഷിയിൽ നിലനിർത്തുവാനും സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടുന്ന തീരുമാനങ്ങൾക്ക് ചില നിർദ്ദേശങ്ങൾ ഈ സദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്നു.

1. തരിശുഭൂമി ഉപയോഗിക്കൽ : സംസ്ഥാനത്തൊട്ടാകെ 17964 ഹെക്ടർ തരിശുഭൂമിയുള്ളതിൽ 44977 ഹെക്ടർ പാലക്കാട്ടാണുള്ളത്. ജില്ലയിൽ ഈ അടുത്ത കാലത്തായി തരിശുഭൂമിയുടെ വിസ്തൃതി അഞ്ചിരട്ടിയായി വർദ്ധി

ച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം തരിശുഭൂമിയിൽ 4-ൽ ഒരു ഭാഗം കൃഷി ചെയ്യുവാനുപയുക്തമാക്കണം.

2. നഗരപ്രാന്തങ്ങളിലും ഗ്രാമങ്ങളിലും നെൽവയലുകൾ കോളനികളും മറ്റു സ്ഥാപനങ്ങളും സ്ഥാപിക്കുവാനനുവദിക്കാതിരിക്കുക.

3. കൃഷി ഒരു ലാഭകരമായ പ്രവർത്തിയാക്കി മാറ്റുവാനുള്ള നടപടികൾ കൈക്കൊള്ളുക.

4. മണ്ണിൽ പണിയെടുക്കുവാനുള്ള നമ്മുടെ വിമുഖത മാറ്റുകയും തൊഴിലാളികളെ ലഭ്യമാക്കുകയും ചെയ്യുക.

5. കൃഷിക്കാരന് ഉല്പാദന ചിലവ് കുറക്കുവാനുള്ള ഉപാധികൾ നടപ്പിലാക്കുക.

6. ഉല്പാദന ചിലവ് കണക്കിലാക്കി താങ്ങുവില നിശ്ചയിക്കുകയും ഈ താങ്ങുവിലക്ക് നെല്ല് സംഭരിച്ചാൽ ഉടൻ പണം ലഭ്യമാക്കുകയും ചെയ്യുക.

ഒരു കർഷകൻ കടക്കാരനാകുന്നതും ആത്മഹത്യ ചെയ്യുന്നതും കേവലം കൃഷിനാശം കൊണ്ടുമാത്രമല്ലെന്നോർക്കണം. കർഷകൻ സമൂഹത്തിന്റെ ഒരു ഭാഗമാണ്. ഈ സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം ഒരു സ്ഥാനം അവനും ഉറപ്പാക്കണം.

അരി ഒരു ഭക്ഷ്യധാന്യമായതിനാൽ അതിന്റെ വില ഒരു പരിധിയിൽ കവിഞ്ഞ് ഉയരുന്നത് കൃഷിക്കാരന് ആശ്വാസമാകാമെങ്കിലും ഭരിക്കുന്ന സർക്കാരിന് ഈ വിലക്കയറ്റം ഒരു തലവേദനയാകാം. ആയതിനാൽ ധാന്യവില ഉയർത്താതെ കൂടുതൽ ആനുകൂല്യങ്ങൾ കർഷകനു നൽകേണ്ടതാണ്.

1. താങ്ങുവില കിലോയ്ക്ക് 10 രൂപയായി നിശ്ചയിക്കുക.

കൃഷിക്കാരിൽതന്നെ നെൽകൃഷി മുഖ്യവരുമാനമാർഗ്ഗമാക്കിയ കർഷകരും മറ്റു കൃഷികൾക്കൊപ്പം നെൽകൃഷി ചെയ്യുന്നവരും ഇതിനുപുറമെ മറ്റു വരുമാനമാർഗ്ഗമുള്ളവർ നെൽകൃഷി ചെയ്യുന്നവരായുമുണ്ട്.

ഇതിൽ നെൽകൃഷി പ്രധാന തൊഴിലും വരുമാനമാർഗ്ഗവുമാക്കിയ കർഷകർക്ക്.

എ) തൊഴിലുറപ്പ് പദ്ധതിയിൽപെടുത്തി കൃഷിപ്പണിക്ക് കർഷക തൊഴിലാളികളെ ലഭ്യമാക്കുക. കൂലി മുഴുവൻ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി സർക്കാർ നൽകു.

ബി) മറ്റു വരുമാനമാർഗ്ഗങ്ങളുള്ള കൃഷിക്കാർക്ക് കൂലിയുടെ 50% അവരിൽനിന്നും വസൂലാക്കി കർഷക തൊഴിലാളികളെ ലഭ്യമാക്കുക.

സി) എല്ലാ കർഷകർക്കും പലിശരഹിത ദീർഘകാല വായ്പകൾ (ചുരുങ്ങിയത് ഏക്കറിന് 25000 രൂപ മുതൽ) ലഭ്യമാക്കുക. ഇതിന് അടക്കേണ്ടുന്ന കാലാവധി 10 കൊല്ലമായി നിശ്ചയിക്കുക. വർഷത്തിൽ രണ്ടു ഗഡുക്കൾ വീതം അടക്കുന്ന തരത്തിൽ ഗഡുക്കൾ വീഴ്ച വരുത്തുന്ന പക്ഷം വീഴ്ച വരുത്തിയ ഗഡുവിന് ശിഷ്ടകാലം പലിശയീടാക്കാവുന്നതാണ്. 4 ഗഡുക്കളിൽ കൂടുതൽ വീഴ്ച വരുത്തിയാൽ മൊത്തം തുകക്കും പലിശയീടാക്കാം. പലിശ സർക്കാരിന് നിശ്ചയിക്കാം. പാടശേഖര സമിതികളുടെ അനുമതിയോടെ വായ്പയനുവദിക്കുകയും തിരിച്ചടവിൽ വീഴ്ചവരുത്തുന്ന കർഷകരെ കൊണ്ട് പണം തിരിച്ചടപ്പിക്കാനുള്ള സമ്മർദ്ദം പാടശേഖര സമിതികളിൽ നിന്നുമുണ്ടാകേണ്ടതാണ്. ഈ വായ്പാതുക കർഷകന്റെ ഏതാവശ്യത്തിനുമുപയോഗിക്കാവുന്നതായിരിക്കണം.

ഡി) കർഷകനെയും കുടുംബത്തെയും ആരോഗ്യസുരക്ഷാ ഇൻഷുറൻസിൽപ്പെടുത്തി ആരോഗ്യപ്രശ്നങ്ങളിലേക്കുള്ള ചിലവുകൾ അനുവദിക്കുകയും സർക്കാർ ആശുപത്രികളിൽ കർഷകന്പ്രത്യേക പരിഗണന ലഭ്യമാക്കുകയും ചെയ്യുക. നെൽകൃഷി മാത്രം ചെയ്യുന്ന കർഷകന്റെ പ്രീമിയം പൂർണ്ണമായും സർക്കാർ വഹിക്കുകയും മറ്റു കർഷകരിൽനിന്ന് 50% പ്രീമിയം ഈടാക്കുകയും ചെയ്യുക. നെൽകൃഷി മാത്രം ചെയ്യുന്ന കർഷകന്റെ കുട്ടികളുടെ വിദ്യാഭ്യാസ ചിലവുകൾ പൂർണ്ണമായും സർക്കാർ വഹിക്കുക. നല്ല വിദ്യാഭ്യാസം നൽകുവാനുള്ള സാമ്പത്തിക ഭദ്രതയുറപ്പാക്കുക.

ഇ) സപ്ലൈകോ മുഖാന്തിരം നെല്ല് സംഭരിച്ചതിനുശേഷം സംഭരിച്ച നെല്ലിന്റെ വില കിട്ടുവാൻ മാസങ്ങളോളം കാത്തിരിക്കേണ്ടുന്ന ഗതികേടിലാണ് കർഷകർ. ആയതിനാൽ നെല്ല് സംഭരിച്ച ശേഷം നൽകുന്ന ബിൽ സപ്ലൈകോ കർഷകന് ഇത്ര രൂപ കൊടുക്കുവാൻ ബാദ്ധ്യസ്ഥനാണെന്നും ഈ തുക ബാങ്കുകൾ അനുവദിച്ച് വിവരം സപ്ലൈകോവിനെ അറിയിച്ചാൽ സപ്ലൈകോ നേരിട്ട് ബാങ്കിൽ അടക്കാമെന്നും സാക്ഷ്യപ്പെടുത്തി കൊടുത്താൽ കർഷകന് സമയനഷ്ടമുണ്ടാകാതെ പണം ലഭ്യമാകും. വൈകുന്ന ദിവസങ്ങളിലെ പലിശ സർക്കാർ വഹിക്കേണ്ടതാണ്. ഇതെല്ലാം നടപ്പിലാക്കിയാൽ നെൽകൃഷി കർഷകൻ കൃഷിയിൽ ഉറച്ചു നിൽക്കുകയും ഇനി വരുന്ന തലമുറയ്ക്കും കൃഷിയിൽ താൽപര്യമുണ്ടാകുകയും ചെയ്യും.

ഒരുകാലത്ത് ഇന്ത്യയൊട്ടാകെ മുഴങ്ങിയ ഒരു മുദ്രാവാക്യമുണ്ടായിരുന്നു. ''ജയ് ജവാൻ, ജയ് കിസാൻ'' ജവാന്മാർ ഒത്തിരി നേടി. സംഘടനാബലത്തിൽ മറ്റുദ്യോഗസ്ഥർക്കും സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ സാധിച്ചു. ഈ നിലയിൽ കർഷകനെ ഉയർത്തുക എന്നതാകട്ടെ സർക്കാർ നയം.

**"ജയ് കിസാൻ"**